(ബി) ബലരാമൻ കമ്മീഷൻ റിപ്പോർട്ടിനെ തുടർന്ന് സർക്കാർ നിയമിച്ച വ്യവസായ ബന്ധ സമിതി സ്വകാര്യ മേഖലയിൽ നഴ്സുമാരുടെ ശമ്പളം നിശ്ചയിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) സർക്കാർ നിശ്ചയിച്ച മിനിമം വേതനം എൺപതു ശതമാനം സ്വകാര്യ ആശുപത്രികളും നഴ്സുമാർക്ക് നൽകുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വ്യാപകമായ പരിശോധനയ്ക്ക് തൊഴിൽ വകുപ്പ് തയ്യാറാകുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്. നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പുവരുത്താൻ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് വ്യവസായ ബന്ധസമിതി നിരന്തരം ചർച്ചകൾ നടത്തിയെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 135/13/തൊഴിൽ തീയതി 5-11-2013 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്തി, നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 2014 ജനുവരി മാസം മുതൽ ഇതുവരെ സംസ്ഥാന വ്യാപകമായി സ്വകാര്യ ആശുപത്രികളിൽ നടത്തിയ പരിശോധനകളെ തുടർന്ന് മിനിമം വേതനം നടപ്പിലാക്കാത്ത 29 സ്വകാര്യ ആശുപത്രികൾക്കെതിരെ മിനിമം വേജസ് ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

14 (*374) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതിവഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) :

(എ) ഉണ്ട്. 50% കേന്ദ്ര സഹായമുള്ള ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് 2011-12 അധ്യയന വർഷം മുതലും 100% കേന്ദ്ര സഹായ പദ്ധതിയായ ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2010-11 അധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി തലത്തിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൊതു സമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരത്തിനൊപ്പം വിദ്യാഭ്യാസപരവും സാമൂഹ്യപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ എത്തിക്കുക, സാമ്പത്തിക പിന്നോക്കാവസ്ഥയുടെ പേരിൽ വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടാതിരിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിയാണ്.

(സി) പ്രീമെട്രിക് തലത്തിൽ നൽകി വരുന്ന പ്രതിവർഷ സ്കോളർഷിപ്പ് തുക ചുവടെ രേഖപ്പെടുത്തുന്നു:

1 മുതൽ 5 വരെ ക്ലാസ്സുകൾ 750 രൂപ

6 മുതൽ 8 വരെ ക്ലാസ്സുകൾ 900 രൂപ

9,10 ക്ലാസ്സുകൾ 1000 രൂപ

പോസ്റ്റ് മെട്രിക് ഹയർ സെക്കണ്ടറി തലത്തിൽ പ്രതിമാസം 160 രൂപ (10 മാസത്തേയ്ക്ക്) സ്റ്റൈപ്പന്റും കൂടാതെ കോഴ്സ് ഫീസ്, പരീക്ഷാഫീസ് മുതലായവയും അനുവദിച്ചുനൽകുന്നു. മറ്റ് കോഴ്സുകളിലെ സ്റ്റൈപ്പന്റ് നിരക്ക്, മറ്റ് ആനുകൂല്യങ്ങളുടെയും പട്ടിക എന്നിവ അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയത് 2011-12 ലാണ്. ആദ്യവർഷം ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. 2012-13 മുതൽ ഐ.ടി. @ സ്കൂളിന്റെ സഹായത്തോടെ ഓൺലൈനായി അപേക്ഷ ക്ഷണിച്ച് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള പണം സ്കൂൾ പ്രധാനാദ്ധ്യാപകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി ഓൺലൈനായി ഇ-ഗ്രാന്റ്സ് സോഫ്റ്റ്വെയർ മുഖേനയാണ് നടപ്പിലാക്കുന്നത്.

ഭക്ഷ്യവസ്തുക്കൾ വില്ക്കുന്നവർക്ക് ലൈസൻസ്/രജിസ്ട്രേഷൻ

15 (*375) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ടി.വി.രാജേഷ് :
ശ്രീ. വി.ശിവൻകുട്ടി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വില്ക്കുന്നവരെല്ലാം ലൈസൻസ്/ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥാപനങ്ങളിൽ പരിശോധന നടത്താതെയാണ് ലൈസൻസ്/ രജിസ്ട്രേഷൻ നൽകുന്നതെന്നതിനാൽ ഇവ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കാൻ എന്ത് മാർഗ്ഗമാണുള്ളത്;

(സി) റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങിയ പാചകം ചെയ്ത ഭക്ഷണം വില്ക്കുന്ന സ്ഥാപനങ്ങളും പായ്ക്ക് ചെയ്യും അല്ലാതെയും ആഹാരപദാർത്ഥങ്ങൾ വില്ക്കുന്ന കടകളും ആഹാരയോഗ്യമല്ലാത്തതും മായംകലർന്നതുമായ ആഹാരപദാർത്ഥങ്ങൾ നൽകുന്നത് കൂടുതൽ വ്യാപകമാകുന്നത് തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിലയിരുത്തിയിട്ടുണ്ടോ; എന്തൊക്കെ പരിഹാര നിർദ്ദേശങ്ങളാണ് പരിഗണിച്ചുവരുന്നതെന്ന് അറിയിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വില്ക്കുന്നവരെല്ലാം തന്നെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസോ/രജിസ്ട്രേഷനോ കരസ്ഥമാക്കിയിട്ടില്ല. എന്നാൽ ആയത് എടുപ്പിക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ

LIBRARY ARCHIVES Kerala Legislative Assembly